(ബി) ഇല്ലെങ്കിൽ ഓരോ വർഷവും എത്ര പേർക്ക് സംഖ്യ നൽകാൻ ബാക്കിയുണ്ട്;

(സി) ഈ സംഖ്യ എന്നത്തേക്ക് നൽകാൻ കഴിയും;

(ഡി) വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ പ്രൊവിഡണ്ട് ഫണ്ട് കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സ്റ്റാഫ് ഇല്ലെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ, ബി) 1984-ൽ റിട്ടയർ-ചെയ്ത എല്ലാ അദ്ധ്യാപകർക്കും പ്രൊവിഡണ്ട് ഫണ്ട് സംഖ്യ നൽകിക്കഴിഞ്ഞിട്ടുണ്ട്. 1985-ൽ റിട്ടയർ ചെയ്ത 38 പേർക്കും 1986-ൽ റിട്ടയർ ചെയ്ത 1,180 പേർക്കും പ്രൊവിഡണ്ട് ഫണ്ട് സംഖ്യ നൽകാൻ ബാക്കിയുണ്ട്.

(സി) ആറു മാസത്തിനകം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി, ഇ) വിദ്യാഭ്യാസ ഡയറക്ടറാഫീസിലും അനുബന്ധ ഓഫീസുകളിലും ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ടോ എന്നു പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കാൻ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാൽ അതിൻമേൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

പിരിച്ചുവിടപ്പെട്ട അറബി ലക്ചറർമാർ

1843 [2879] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, പി. വി. മുഹമ്മദ്:
,, സി. ടി. അഹമ്മദലി:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. മുഖേന നിയമനം ലഭിക്കുകയും രണ്ടിലേറെ വർഷംവരെ സർവ്വീസ് ഉള്ളവരുമായ എത്ര അറബിക് ലക്ചറർമാരെ പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) അവരെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാൻ എന്തു നടപടി കൈക്കൊള്ളാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 8 (എട്ട്).

(ബി) 'എ' യിൽ പരാമർശിച്ച 8 പേരേക്കാൾ മുമ്പ് സർവ്വീസിൽ കയറിയവരും ദീർഘകാലാവധിയിൽ പ്രവേശിച്ചവരുമായ ചില അറബിക് അദ്ധ്യാപകർ അവധി കൺസൽ ചെയ്ത് പ്രവേശനം കാത്തുനിൽക്കുകയാണ്. ഇപ്രകാരമുള്ള അറബി അദ്ധ്യാപകർക്ക് പുനഃപ്രവേശനം

LIBRARY ARCHIVES Kerala Legislative Assembly

നൽകിയതിനുശേഷം വരുന്ന ഒഴിവുകളിലേക്ക് പിരിച്ചുവിടപ്പെട്ട അറബി അദ്ധ്യാപകരെ നിയമിക്കുന്നതാണ്. ഇവരെകൂടി നിയമിച്ചു കഴിഞ്ഞശേഷമേ പുതുതായി പി. എസ്. സി. വഴി നിയമനം നടത്തുകയുള്ളൂ.

ഒരു ഡിവിഷനിലെ മിനിമം വിദ്യാർത്ഥികം

1844 [2880] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം കൂടി വരുന്നതു കണക്കിലെടുത്ത് ഇന്നു നിശ്ചയിച്ചിട്ടുള്ള ഒരു ഡിവിഷനിലെ മിനിമം കുട്ടികളുടെ എണ്ണം കുറയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കാമോ:

(ബി) ഇപ്പോൾ ഒരു ഡിവിഷന് ആവശ്യമുള്ള മിനിമം വിദ്യാർത്ഥികം എത്രയാണ്?

ഉത്തരം

(എ) ഇപ്പോൾ നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഇപ്പോൾ നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:45 ആണ്.

പ്രൈവറ്റ് കോളേജുകളിലെ ലൈബ്രറി അറാൻഡർമാരുടെ പ്രമോഷൻ

1845 [2881] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് കോളേജുകളിലെ നിശ്ചിത യോഗ്യതയുള്ള ലൈബ്രറി അറാൻഡർമാർക്ക് ഫോർത്ത് ഗ്രേഡ് ലൈബ്രേറിയൻമാരായി പ്രൊമോഷൻ നൽകുന്നതിന് നിയമത്തിൽ ഭേദഗതി വരുത്താൻ യൂണിവേഴ്സിറ്റികളോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ആവശ്യപ്പെട്ടിരുന്നത്;

(സി) യൂണിവേഴ്സിറ്റികൾ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) 17-9-1984-ൽ.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly